# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1107 11-02-2016 ൽ മറുപടിക്ക്

## താനൂർ നിയോജക മണ്ഡലത്തിൽ അസാപ്പ്

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ശ്രീ. പി. കെ. അബ്ദുറബ്ബ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ അസാപ്പ്(അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം) ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 958 വിദ്യാലയങ്ങളിൽ ( ഹയർ സെക്കണ്ടറി സ്കൂളുകളും കോളേജുകളും ഉൾപ്പെടെ) 2015-16 വർഷത്തിൽ 'അസാപ്പ്' പദ്ധതി നടപ്പിലാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.<br>തിരുവനന്തപുരം - 84<br>കൊല്ലം - 78<br>ആലപ്പുഴ - 64<br>പത്തനംതിട്ട - 34<br>കോട്ടയം - 59<br>ഇടുക്കി - 36<br>എറണാകുളം - 70<br>തൃശൂർ - 58<br>പാലക്കാട് - 87<br>മലപ്പുറം - 102<br>കോഴിക്കോട് - 100<br>കണ്ണൂർ - 105<br>വയനാട് - 41<br>കാസർഗോഡ് - 40 |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഹയർ സെക്കണ്ടറി , ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായിതിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് , വിവര സാങ്കേതിക വിദ്യ , ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 958 |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് വകുപ്പ്, ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | താനൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | താനൂർ നിയോജക മണ്ഡലത്തിലെ<br>ജി. എച്ച്.എസ്സ്. എസ്സ്. നിറമരുതൂർ<br>സിപി.പിഎച്ച്എം , എച്ച് .എസ്സ്. എസ്സ്, വെള്ളച്ചാൽ , ഒഴൂർ<br>ദേവധർ ജി. എച്ച്.എസ്സ്. എസ്സ് , താനൂർ<br>ജി. എച്ച്.എസ്സ്. എസ്സ്, ചെറിയമുണ്ടം<br>എന്നിവിടങ്ങളിലാണ് അസാപ്പ് പരിശീലനം നടത്തുന്നത്. |
| (ഇ) | താനൂർ മണ്ഡലത്തിലെ ശേഷിക്കുന്ന വിദ്യാലയങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | പരിഗണിക്കാവുന്നതാണ്. സർക്കാർ, എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ എന്നിവർക്ക് അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ അസാപ്പ് വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നതാണ്. അടിസ്ഥാന സൗകര്യം, കമ്പ്യൂട്ടർ ലഭ്യത എന്നിവയുടെ ചില നിബന്ധനകൾക്ക് വിധേയമായി അസാപ്പ് അനുയോജ്യതാപഠനം നടത്തുന്നതും സ്കൂളുകളിൽ പദ്ധതിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ